# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6058      10.07.2012 ൽ മറുപടിക്ക്

## പ്രവാസികളും സംസ്ഥാന സമ്പദ്ഘടനയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ: | ശ്രീ. കെ. സി. ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) വിവിധ വിദേശ രാജ്യങ്ങളിൽ എത്ര കേരളീയർ ജോലിചെയ്യുന്നുണ്ടെന്നും ഇത് സംസ്ഥാന സമ്പദ്ഘടനയിൽ എന്തുമാത്രം നേട്ടമുണ്ടാക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) 2011 ൽ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് മുഖാന്തിരം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 22.8 ലക്ഷം പ്രവാസി മലയാളികൾ വിദേശത്ത് ജോലി ചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പഠനമനുസരിച്ച് പ്രവാസി മലയാളികൾ ഏകദേശം 50,000/- കോടി രൂപയോളം കേരളത്തിലേയ്ക്ക് അയയ്ക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) സംസ്ഥാനത്തെ ബാങ്കുകളിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ ക്രയവിക്രയമാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ ബാങ്കുകളിലൂടെ നടക്കുന്ന ക്രയവിക്രയം സംബന്ധിച്ച് സമാഹൃത കണക്കുകൾ ലഭ്യമല്ല. |

(സി) പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണത്തിന് കേന്ദ്ര സർക്കാർ സേവന നികുതി ഏർപ്പെടുത്തുന്ന കാര്യം സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്തുവോ; വിശദമാക്കുമോ;

(സി) സംസ്ഥാന സർക്കാരുമായി മുൻകൂട്ടി ചർച്ചയൊന്നും നടത്തിയിട്ടില്ല.

(ഡി) പ്രവാസികൾ അയയ്ക്കുന്ന തുകയ്ക്കുള്ള ബാങ്ക് ചാർജ്ജിന്റെ 12.36 ശതമാനം നികുതിയായി ഈടാക്കാനുള്ള കേന്ദ്ര തീരുമാനം പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

(ഡി) പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണത്തിന് ബാങ്കുകൾ ഈടാക്കുന്ന കമ്മീഷന്റെ നിശ്ചിത ശതമാനം സേവന നികുതി ഏർപ്പെടുത്താനുള്ള നീക്കം സംബന്ധിച്ച് സംസ്ഥാനത്തിനുള്ള ഉത്കണ്ഠ, 2012 ജൂലൈ 2, 3 തീയതികളിൽ ഡൽഹിയിൽ നടന്ന ചർച്ചകളിൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് വഹിക്കുന്നത് ബാങ്കുകൾ ആയതിനാൽ, പ്രവാസികളെ ഇത് ബാധിക്കുകയില്ല എന്ന് കേന്ദ്ര സർക്കാർ വിശദീകരണം നൽകുകയുണ്ടായി. ഇത് സംബന്ധിച്ച് ഔദ്യോഗിക സ്പഷ്ടീകരണം കേന്ദ്ര ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്നതാണെന്നും ഉറപ്പ് നൽകുകയുണ്ടായി.

(signature)
സെക്ഷൻ ഓഫീസർ